# താളിയോല

## ഡിജിറ്റൽ മാഗസിൻ

## G.V.H.S.S

vellarmala




ലിറ്റിൽ കൈറ്റിന്റെ ഡിജിറ്റൽ മാഗസീന് എന്റെ എല്ലാവിധ ശുഭാശംസകളും നേരുന്നു.

ഹെഡ് മാസ്റ്റർ

മുഹമ്മദ് കോയ പി

# പ്രളയം വന്ന നാട്

ഒരു കാലം നാട്ടിൽ പ്രളയം വന്നു.
അവിടത്തെ ജനങ്ങളും സൊത്തും പറമ്പുകളും പോയി.
പല വീടുകളും നശിച്ചു. വീട്ടിൽ ചളിയും വെള്ളവും കയറി. ജില്ലാ കലക്ടർ പലർക്കും വീടുകളും വസ്ത്രവും വസ്തുക്കളും കൊടുത്തു.



(സിനാൻ .ബി .കെ)

# ഒരു പ്രകൃതി

പ്രഭാതം പൊട്ടിയുണർന്നു.സ്വർണ്ണ നിറമുള്ള
സൂര്യൻ മലകൾക്കിടയിൽനിന്നും പതുക്കെ
എഴുന്നേറ്റ് വരുന്നു.സ്വർണ്ണ നിറമുള്ള
വെട്ടിത്തിളങ്ങുന്നസൂര്യകിരണമേറ്റ് മെല്ലെ
കണ്ണ് തുറക്കുന്ന ഒരു പക്ഷി അതിന്റെ
ശബ്ദരാഗം പ്രകൃതിയിലേക്ക് ഒഴുകുന്നു.
ഇതുകാരണം മുയലുകൾ ഗുഹയിൽ
നിന്നും



എഴുന്നേറ്റ് വരുന്നു.അണ്ണാറകണ്ണൻ
പൊ
ത്തിൽ നിന്നും തലയിട്ട്
എത്തിനോക്കുന്നു.മറ്റു
ജീവജാലങ്ങളും എഴുന്നേറ്റ് വരുന്നു.വാടി
നിൽക്കുന്നതുപ്പോലെ ഉറങ്ങിക്കിടക്കുന്ന
പൂവുകൾ പുഞ്ചിരിയോടെ അതിന്റെ വ
ർണ്ണങ്ങളെ വർദ്ധിപ്പിക്കുന്നു.അരുവികൾ

ഉണർന്ന് ചിൽ ചിൽ എന്ന ശബ്ദം ഉണ്ടാക്കി പാറകളെ തട്ടി ഉണർത്തി മെല്ലെ ഒഴുകിപ്പോകുന്നു. *(ഷാഹിദ്. പി . എ)*



# അമ്മ



പാലൂട്ടി വളർത്തുന്നൊരമ്മ

ഊഞ്ഞാലിലാട്ടിയുറക്കും അമ്മ

താരാട്ടുപാടിയുറക്കുമെന്നമ്മ പിഞ്ചിളം

മുഖത്തൊരുമ്മയുംനൽകിടും.

കാക്കേപൂച്ചേപാട്ടുകൾപാടീട്ട് അമ്പിളിമാമനെ

കാട്ടിത്തരും .ഞാൻ വാശി പിടിച്ചാൽ

കളിപ്പാട്ടങ്ങളത്രയും വാങ്ങിത്തന്നീടും

എന്നമ്മ. കരഞ്ഞീടുമ്പോൾ പുഞ്ചിരിതൂകി

ആശ്വസിപ്പിക്കുമെന്നമ്മ.വിദ്യാലയം തന്നിൽ

പോകാനൊരുങ്ങവേ . സുന്ദരിയാക്കിത്തന്നീടുമെന്നമ്മ

വൃത്തയായിനടക്കേ

ണമെന്നമ്മ ചൊല്ലി നല്ല വാക്കുകൾ ഓതി

ത്തന്നീടുമെന്നമ്മ .നല്ല ശീലങ്ങൾ പഠിപ്പിച്ച തന്നമ്മ

അമ്മയാണെൻ ഗുരുവും അമ്മയാണെൻ ദൈവവും.

(വിസ്മയ .എം.ആർ)


# വൃത്തിയുള്ള നാട്ടിൽ

## ആരോഗ്യമുള്ള ജനത

***എന്തൊക്കെ മാലിന്യങ്ങളാണ് നമുക്കുചുറ്റും?***
***ചുറ്റുപാട് വൃത്തിഹീനമായാൽ***
***രോഗാണുക്കൾ പെരുകും.അവ അനേകം രോഗങ്ങൾ***
***ഉണ്ടാക്കും.***
***ഒന്നു മനസ്സുവെച്ചാൽ ചുറ്റുമുള്ള***
***മാലിന്യങ്ങൾ നമുക്ക് ഇല്ലതാക്കാം.***
***മാലിന്യങ്ങളെ മൂന്നായി  തരംതിരിക്കാം.***
***ലോഹമാലിന്യങ്ങൾ അതു ശേഖരിക്കുന്നവർക്ക്നൽകാം.***
***ജൈവമാലിന്യങ്ങൾ പച്ചക്കറി കൃഷിക്ക് ഉപയോഗിക്കാം.***
***പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്കു നൽകാം.***

***മാലിന്യത്തിൽ കമ്പോസ്റ്റും ജൈവവാതകവും ഉണ്ടാകുന്ന***
***പ്ലാന്റുകൾ ഉണ്ടല്ലോ. അവ നമുക്ക് പരീക്ഷിച്ചുകൂടേ?***
***വീടുകൾ മാത്രംവൃത്തിയായാൽ പോരാ.***
***സ്കൂളുകളും പൊതുസ്ഥലങ്ങളും വൃത്തിയാക്കണം.***

**(സിനാൻ.ബി.കെ)**



# <u>അത്യാഗ്രഹം</u>



**ഒരു ദിവസം രാവിലെ പുള്ളിപ്പൂച്ച തോട്ടത്തിൽ നടക്കുകയായിരുന്നു.വസന്തകാലമായതിനാൽ ചെടികളിൽ നിറയേ പൂവും അതിന് ചുറ്റും ധാരാ ളം ചിത്രശലഭങ്ങളും.**

**പൂവിലിരിക്കുന്ന ഒരു ചിത്രശലഭത്തെ പുള്ളിപ്പൂച്ച അത്യാഗ്രഹം മൂത്ത് പൂവടക്കം കടിച്ചുതിന്നു. കടിച്ച ചെടി മുള്ളുള്ളതായിരുന്നു.**

**ഇതുപോലേ തന്നെ ഒരിക്കലും അത്യാഗ്രഹം പാടുളളതല്ല.**

(സിനാൻ,ഷാഹിദ്)

# അമ്മ



പാലൂട്ടി വളർത്തുന്നൊരമ്മ .ഊഞ്ഞാലിലാട്ടിയുറക്കുംഅമ്മ.
താരാട്ടുപാടിയുറക്കുമെന്നമ്മ. പിഞ്ചിളം
മുഖത്തൊരുമ്മയുംനൽകീടും. കാക്കേപൂച്ചേപാട്ടുകൾപാടീട്ട്
അമ്പിളിമാമനെ കാട്ടിത്തരും ഞാൻ വാശിപിടിച്ചാൽ
കളിപ്പാട്ടങ്ങളത്രയും വാങ്ങി തന്നീടും
എൻഅമ്മ . കരഞ്ഞീടുമ്പോൾ പുഞ്ചിരിതുകി
ആശ്വസിപ്പിക്കുമെന്നഅമ്മ .വിദ്യാലയം തന്നിൽ
പോകാനൊരുങ്ങവേ . സുന്ദരിയാക്കി തന്നീടുമെന്നമ്മ
വൃത്തിയായിനടക്കേ
ണമെന്നമ്മ ചൊല്ലി നല്ല വാക്കുകൾ ഓതി
തന്നീടുമെന്നമ്മ നല്ല ശീലങ്ങൾ പഠിപ്പിച്ച തന്നമ്മ.
അമ്മയാണെൻ ഗുരുവും അമ്മയാണെന്റെ ദൈവവും
തിന്മകൾ കണ്ടാൽ അരുതേ പറയു0
നന്മകൾ മൊഴിയാൻ പ്രേരിപ്പിച്ചൂടും.







(നാസിൻ)



# അമ്മ   വിളിക്കുന്നു

*അമ്മ വിളിക്കുന്നു പോരുവിൻ മക്കളേ.....*

*അമ്മയോടൊപ്പം  നടക്കുവിൻ  മക്കളേ.....*

*തമ്മിലിടയുന്നെന്നേയും  തന്നോടടുപ്പിച്ചു.*

*അമ്മകണ്ണടച്ചും  അമ്മ കിതച്ചും നടക്കുന്നു.*

*താനെ തളർന്നമ്മ  നടക്കുന്നു.*

*മക്കളെ എല്ലാവരേയും സ്നേഹം കൊണ്ട് അമ്മ*

*പൊതിഞ്ഞീടുന്നു. നിൻക്കുന്നു മത്സരം*

*നേരിയൊഴുക്കിന്റെ കൊക്കും വിറക്കു  മായൊന്നൊരു*

*കൂട്ടിലൊരുപക്ഷി ചിറകടിച്ചെത്തിനിൽക്കുന്നു.  ഞാനന്നു*

*രക്ഷകൻ  വിട്ടുതരില്ലെൻ മക്കളേ.................*

*ഉച്ചത്തിലങ്ങനെയാകുന്നു പാവമാം കൊച്ചുമക്കളേ....*

*അമ്മമാരോടടുപ്പിച്ചുതൻ മക്കളേ................*

(ഷംന.എം)

# അമ്മ

അമ്മമാർക്ക് ഒരിക്കലും മക്കളെ
നോവിക്കാൻകയില്ല. നോവിച്ചാൽഒരിക്കലും
കുറ്റഭോതം മനസ്സിൽനിന്ന് മറയില്ല.
അമ്മ ഒരു കുഞ്ഞിനെ
നൊന്ത്പ്രസവിക്കും ആ കുഞ്ഞിന്
പാലൂട്ടും കുളിപ്പിക്കും സുന്ദരിയാക്കും
കളിപ്പിക്കും ഉറക്കും. അച്ഛൻമാർക്ക്
പോലും ഇത്രയും നോക്കാൻ കഴിയില്ല.



(അഞ്ചലി)



# <u>എന്തുപറ്റി  നമ്മുടെ കേരളം</u>



ആകാശം കറുത്തു, മേഘങ്ങൾ മൂടി മഴതുടങ്ങി, തോട്ടുകൾ കവിഞ്ഞു, പുഴ കവിഞ്ഞു, പാടം കവിഞ്ഞു, കരകവിഞ്ഞൊഴുകാൻ തുടങ്ങി.കേരളം  പാടേ മുങ്ങി.കേരളം മൊത്തമായി നെട്ടുവീർപ്പോടെ വിറച്ചുനിന്നു.ചെറിയ ുവൽ മഴപോലെ പെയ്ത   ആ മഴ ഒട്ടുവിൽകേളത്തെ ഒരു ദുരന്ദത്തിൽ കൊണ്ടെത്തിച്ചു.നിരവദി വൃദ്ധകളേയും വൃദ്ധന്മാരേയും വെള്ളത്തിൽ മുങ്ങിയിരിക്കുകയാണ്. അവരെ നമ്മുക്ക് ജാതി മതവ്യത്യാസമില്ലാതെ പുതിയ ജീവിത വഴിത്തിരിവിലേക്കോ കൈകോർത്തു പിടിക്കാം നമ്മുകൊന്നായി.



വിനയ്.(കേരളം)



# പുഴ

ഒരു സുന്ദരമായഗ്രാമം. ആ ഗ്രാമത്തിൽ ഒരു പുഴയുണ്ടായിരുന്നു. അവിടത്തെ ജനങ്ങൾക്കും മൃഗങ്ങൾക്കും പക്ഷികൾക്കും ആ പുഴയിലെ ജലം ഉപയോഗിക്കാമായിരുന്നു. പുഴയ്ക്ക് ചുറ്റും മരങ്ങളും ഉ

ണ്ടായിരുന്നു. പുഴയ്ക്ക് ഈണം പകരനായി കുറേ പ

ക്ഷികളും ഉണ്ടായിരുന്നു. ആ ഗ്രാമത്തിലേ ആളുകളെ

ല്ലാം പുഴയിൽ നിന്നാണ് വെള്ളമെടുക്കുന്നത്. എല്ലാ ആവശ്യത്തിനും ആ പുഴയിൽ നിന്നായിരുന്നു

ജനങ്ങൾ വെള്ളമെടുത്തിരുന്നത്. ഗ്രാമത്തിലെ

എല്ലാവരും ആ പുഴയെ സ്നേഹിച്ചിരിന്നു. പക്ഷേ പുഴ

യെ നാശമാക്കാനായി ആ ഗ്രാമത്തിലെ

ചിലരുണ്ടായിരുന്നു. പുഴയിൽ മാലിന്യം നിറച്ച്

നിറച്ച്

അവർ പുഴയെ ഉപയോഗശൂന്യമാക്കി മാറ്റി. പുഴ നശിച്ച കാരണത്താൽ ഗ്രാമത്തിലെ ജനങ്ങൾക്കും

പക്ഷികൾക്കും പുഴയുടെ ചുറ്റും ഉണ്ടായിരുന്ന

മരങ്ങൾക്കും ദോഷകരമായി. പിന്നെ അവർ വെള്ളമില്ലാതെ

കഷ്ടപ്പെടുകയായിരുന്നു. ഗ്രാമത്തിലെ ജനങ്ങൾ പിന്നീട് അകലെയുള്ള ഗ്രാമത്തിൽ

നിന്നായിരുന്നു വെള്ളമെടുക്കുന്നത്. അത്

എല്ലവർക്കും ദു: ഖകരമായി തോന്നി. ആ പുഴയെ

അവർ വൃത്തിയാക്കാൻ തീരുമാനിച്ചു. അങ്ങനെ അവരെല്ലാവരും ചേർന്ന് ആ പുഴയെ

വൃത്തിയാക്കി. ആദ്യമുള്ള പുഴയേക്കാളും കണാൻ ഭംഗിയുള്ള

പുഴയായിമാറി. പിന്നീടൊരിക്കലും അവിടെത്തേ ജനങ്ങൾക്ക് പുഴയെ നശിപ്പിക്കാൻ

മനസ്സുവന്നില്ല.

(ഷൈബിന)



# കോളാമ്പി പൂവിലെ മാലാഖ കുഞ്ഞ്



*ഹോളിങ് ബെല്ലിന്റെ ശബ്ദം കേട്ടപ്പോഴാണ് ലാപ്പ്ടോപ്പിനു മുന്നിൽ നിന്നും കണ്ണെടുത്തത്. കണ്ണൊന്ന് തിരുമ്മി ഞാൻ വാതിൽ തുറന്നു.*

*"ഗോപേട്ടാ ആരാ അത്"*

*"അത് പോസ്റ്റ് മാനാ"*

*"മണിയോടറാ"?*

*"അല്ല ലെറ്ററാ"*

*"നിങ്ങളുടെ വീട്ടീന്നായിരിക്കും"?*

*"അതെ വീട്ടീന്നാ"*

*"അല്ലേലും ഇക്കാലത്ത് ലെറ്ററയക്കുന്നത് നിങ്ങടെ വീട്ടുകാർ മാത്രമാണല്ലോ? ഒരു ഓൾഡ് ജനറേഷൻ"*

*"നാടോടുമ്പോൾ നടുവേ ഓടേണ്ടേ ?"*

*അവളോട് തർക്കിച്ച് നിന്നാൽ വേറെ ഒന്നിനും നേരമുണ്ടാവില്ല. ഞാനൊന്നും*

മിണ്ടാതെ സോഫയിൽ ഇരുന്ന് ലെറ്റർ
പൊട്ടിച്ചു വായിച്ചു.
സാധാരണ നാട്ടീന്നുള്ള കത്ത് വായിച്ചാൽ
മനസ്സിനൊരു സുഖമാണ്. എന്നാൽ ഈ
കത്ത് അങ്ങനെയല്ല.
"ഗോപേട്ടാ എന്താ കത്തില് "?
"അമ്മയ്ക്ക് വയ്യ...നീ ആ ഡ്രൈവർ കുമാരനോട്
പറഞ്ഞ് രണ്ട് ട്രെയിൻ ടിക്കറ്റ് ബുക്ക്
ചെയ്യിക്ക്."
"ഓ നിങ്ങള് തന്നെ പറഞ്ഞാ മതി"
"അല്ല...ആർക്കാ രണ്ട് ടിക്കറ്റ്"?
"നമ്മൾ രണ്ടുപേരില്ലേ"?
"അയ്യോ! ഞാനൊന്നും ഇല്ല നിങ്ങടെ
പട്ടിക്കാട്ടിലേക്ക്
നാളെ വുമൺസ് ക്ലബിന്റെ
വാർഷികമാണെന്നറിയില്ലേ
പുതിയ സാരിയുടുത്ത് ആ പ്രിയങ്കയുടെ
മുന്നിലൂടെ ഒന്ന് വിലസണം"

"ആ പിന്നെ, അമ്മയ്ക്ക് സുഖമില്ലല്ലോ. ഇനി അമ്മയുടെ കാര്യം എന്താകുമെന്ന് അറിയില്ല". "നേരത്തേ തന്നെ ഷെയർ ചോദിച്ചുവച്ചോ ?അല്ലേല് അതും അമ്മയിമാര് കൊണ്ടു പോവും ." "ഷെയർ കിട്ടീട്ട് വേണം മിസിസ് രമ്യാ "ഗോപേട്ടനറിയോ അത് നാലായിരം സ്ക്വായർ ഫീറ്റാ."
ഒന്നും മിണ്ടാതെ ഞാൻ ഡ്രെസ് പാക്ക് ചെയ്തു.
ട്രെയിനിൽ കയറി ഒന്നു മയങ്ങി. സ്റ്റേഷനെത്തിയതറിഞ്ഞില്ല. അടുത്തിരുന്നിരുന്ന one mr:ശങ്കറാണ് വിളിച്ചുണർത്തിയത്. അയാൾ ഒരു സർക്കാരുദ്യോഗസ്ഥനാണ്. ഇങ്ങോട്ട് ട്രാൻസ്ഫറായതാണ്.
സ്റ്റേഷനിൽ നിന്നും വീട്ടിലേക്ക് കുറച്ച് നടക്കണം. അല്ലെങ്കിൽ കാളവണ്ടിയാത്ര. കുറെ ആയില്ലെ നാടൊക്കെ കണ്ടിട്ട്. ഞാൻ

നടക്കാൻ തുടങ്ങി. കുറേ നടന്നു. ആദ്യം
തവളക്കുളം ഉണ്ടായ സ്ഥലത്ത് എത്തി.
എന്നാൽ ഇപ്പോൾ ആ കുളംഅവിടെ ഇല്ല.
അതിനുമുകളിൽ ഒരു തീയറ്റർ വന്നിരിക്കുന്നു.
കോളേജിൽ പടിക്കുമ്പോൾ
നാരായണേട്ടന്റെ ശാപ്പിൽ ഒരു തവളയ്ക്ക് രണ്ടു
രൂപ വീതമായിരുന്നു. ഇപ്പോൾ ശാപ്പുമില്ല
നാരായണേട്ടനുമില്ല. മൂന്നു
വർഷത്തിലേറെയായി നാട്ടിൽ വന്നിട്ട്.
അമ്മയ്ക്കും അമ്മായി മാർക്കും പരിഭവങ്ങൾ
പറഞ്ഞാൽ തീരില്ല.
അവരോട് എന്ത് നുണ പറയണമെന്ന്
ആലോജിച്ച് നടക്കുമ്പോഴാണ്
കാളവണ്ടിക്കുളമ്പടി ശബ്ദം കേട്ടത്.
പെട്ടെന്ന് ഞാനൊന്ന് പഴയ
കാലത്തിലേക്ക് തിരിഞ്ഞു നോക്കി.
കോളേജിൽ പഠിക്കുന്ന കാലത്ത്.
പങ്കുണ്ണിയേട്ടനാണ് ഞങ്ങളേ കോളേജിൽ

*കൊണ്ടുവിട്ടിരുന്നത്. വളരെ പ്രദീക്ഷയോടെ ഞാൻ തിരിഞ്ഞു നോക്കി. കാളവണ്ടി പഴയത്പോലെ തന്നെ ഉണ്ട്. എന്നാൽ അത് ഓടിക്കുന്നയാൾ വേറെയാണ്. അത് പങ്കുണ്ണിയേട്ടന്റെ മകനാണ്.*

*മകനോട് ഞാൻ പങ്കുണ്ണിയേട്ടനെ തിരക്കി. ഞാൻ വരുന്നതിന്റെ മൂന്ന് ആഴ്ച്ച മുൻപാണ് പങ്കുണ്ണിയേട്ടൻ*

*മരണപെട്ടത് എന്ന് മകൻ പറഞ്ഞു. ഞാൻ വളരെ അതികം വിഷമത്തോടെ അവനെ നോക്കിനിന്നു.*

*ഞാൻ നടക്കാൻ തുടങ്ങി.ഞാൻ വീടിനുമുന്നിലുള്ള ഗെയിറ്റിനരികിലെത്തി.വീട്ടിൽ കര്യമായ എന്തോ പരിപാടിയായിരുന്നു എന്ന് തോന്നുന്നു.പന്തൽപണിക്കാർ പന്തലെല്ലാം അഴിച്ചു കൊണ്ടിരിക്കുകയാണ്.വീടിന്റെ മുന്നിൽ പെണ്ണുങ്ങളുടെ മകൾ*

ഇരിപ്പുണ്ടായിരുന്നു. എന്നെ കണ്ടതും അവൾ മാമാ എന്ന് വിളിച്ചുകൊണ്ട് ഓടി വന്ന് കെട്ടിപ്പിടിച്ച് കരഞ്ഞു. ഞാൻ പറഞ്ഞു. കരയണ്ട മോളേ  ഞാനിങ്ങ് വന്നില്ലേ. അപ്പോൾ അകത്തുനിന്ന് പെങ്ങൾ ഇറങ്ങി വന്നു. ഞാൻ പറഞ്ഞു. എല്ലാവരും ഉണ്ടല്ലോ. എന്താ വിഷേശിച്ച്. അമ്മയെവിടെ എന്നേ കാണാഞ്ഞിട്ട് പിണങ്ങി ഇരിക്കുകയായിരിക്കും. ഞാൻ എല്ലാ മുറിയിലും പോയി അമ്മയെ തിരക്കി. പക്ഷേ അവിടെയെങ്ങും അമ്മയെ കണ്ടില്ല. ഞാൻ പുറത്തുചെന്ന് നോക്കിയപ്പോൾ. കുറേ വിറക് കത്തിത്തീർന്നതിന്റെ ചാരം മാത്രം ഞാൻ കണ്ടു. ഞാൻ പെങ്ങളുടെ അടുത്തേക്ക് ചെന്നു. പെങ്ങൾ കരഞ്ഞുകൊണ്ട് പറഞ്ഞു. അമ്മ നമ്മളേയെല്ലാം തനിച്ചാക്കിപ്പോയി. ഞാൻ സങ്കടം അടക്കിപ്പിടിച്ചുകൊണ്ട് പിന്നാമ്പുറത്തേക്ക് പോയി. അവിടെ അമ്മയ്ക്ക്

*ഏറ്റവും പ്രിയപ്പെട്ട കോളാമ്പിപ്പൂവിന്റെ അടുത്തേക്ക് ഞാൻ പോയി. അപ്പോൾ കോളാമ്പിപ്പൂ വാടിപ്പോയിരുന്നു. ഞാൻ ആലോജിച്ചു. ഞാൻ ചെറിയ കുട്ടിയായിരിക്കുമ്പോൾ ഞാൻ ചോറ് തിന്നാതെ വാഷിപിടിച്ചിരിക്കുമ്പോൾ അമ്മ പറയും ചോറ് കഴിച്ചില്ലെങ്കിൽ ആ കോളാമ്പിപ്പൂവിലെ മാലാഖക്കുഞ്ഞ് മോനോട് പിണങ്ങും.എന്ന് പറഞ്ഞാണ്. ആ കോളാമ്പിപ്പൂ വാടിയതിന് കാരണം. അമ്മ പോയപ്പോൾ അമ്മയുടെ കൂടെ ആ മാലാഖക്കുഞ്ഞും കൂടെപ്പോയിക്കാണും......*

*(മുബഷിറ)*



# അമ്മ

എന്നും എൻ കണ്ണീരൊപ്പാൻ
എൻകൂടെയുണ്ടെൻ അമ്മ.
മടിയിൽ ഇരുത്തി താരാട്ട്
പാടിഉറക്കാൻ എൻ
കൂടെയുണ്ടെൻ അമ്മ.
സ്നേഹം ചൊരിയും
എൻ വിട്ടിലെ ദൈവം.
അക്ഷരം ചൊല്ലിത്തരാൻ
എൻ കൂടെയുണ്ടെൻ അമ്മ.
തെറ്റുകളെല്ലാം തിരുത്താൻ
എൻ കൂടെയുണ്ടെൻ അമ്മ.
വത്സല്യം തന്നു വളർത്താൻ
എൻ കൂടെയുണ്ടെൻ അമ്മ.
തലയിൽ വെച്ചാൽ പേനരിച്ചാല്ലോ
താഴെ വെച്ചാൽ ഉറുമ്പരിച്ചാല്ലോ എന്ന്
പറഞ്ഞെന്നേവളർത്തിയില്ലേ.
തേനൂറും സ്നേഹം എനിക്ക് തന്നില്ലേ
അമ്പിളിമാമനെ പിടിച്ചു തരണമെന്നു-
പറഞ്ഞാൽതരുംഎൻ അമ്മ.
ആകാശത്തിലെ കാർമുകിൽ പോയാലും -

## എൻഅമ്മ എന്നെവിട്ട് പോവില്ല.

(ഷൈബിന)





## _അനുവിന്റെ  കളിപ്പാവ



അനുവിനൊരോമന കളിപ്പാവയാമിതു-
യാമംകളഞ്ഞോരീ മരച്ചുവട്ടിൽ,
ആരുമറിഞ്ഞതില്ല പാവതൻ-
ചായുന്ന ചാരുരഹസ്യമൊന്നും.

തൻവിശപ്പിൽ കഴിക്കും ഭക്ഷണം-
പാവയ്ക്കുകൂടി നുകർന്നീടുന്നു,
ഇത്രയും നന്മതൻ വിളക്കാം അനുവിന്-
ദൈവം സമ്മാനിച്ചതല്ലയോ കളിപ്പാവയേ...

[അഫ്സാന]

<u>സ്വപ്നത്തിലെ പനിനീർ പൂവ്</u>



"ഒരു രാത്രി!.......

ആഗാതമായ സ്വപ്നത്തിൽ മുഴുകിയിരിക്കുകയായിരുന്നു **ലീന.** പെട്ടന്ന് അവൾ ചാടി എഴുന്നേറ്റുകരഞ്ഞു. അവൾ വിറക്കുന്നുണ്ടായിരുന്നു.ശബ്ദം കേട്ട് അമ്മ അവളുടെ റൂമിലേക്ക് ഓടിയെത്തി.അമ്മ അവളോട് കാര്യം തിരക്കി.അവൾ വിക്കി വിക്കി അമ്മയോട് കാര്യം പറഞ്ഞു:- ഞാൻ സ്വപ്നത്തിൽ ഒരു പൂവ് കണ്ടു.ഭംഗിയാർന്ന ഒരു കൊച്ചു "**പനിനീർ പൂവ് .**" ഒരു പ്രഭാതത്തിൽ ആ പനിനീർ പൂവ് ഭംഗിയായി വിരിഞ്ഞു. പെട്ടെന്ന് ആപൂവിനെ ഏതോ ക്രൂരൻ

വന്ന് പിഴുതെടുത്തു. ഇത് കേട്ട് അമ്മ ലീനയെ കളിയാക്കി പൊട്ടിച്ചിരിച്ചു. അവൾ നാണത്തോടെ തലകുനിച്ചു.

[ഷിഹാൻ.]

## സ്വർഗത്തിലെ മാലാഖ

പണ്ട് പണ്ട് ഒരു വനത്തിൽ ഒരു കൊച്ചു മാലാഖ താമസിച്ചിരുന്നു. അവൾ സുന്ദരിയായിരുന്നു. അവൾ പക്ഷികളെ വളരെ അധികം സ്നേഹിച്ചിരുന്നു. അവൾക്ക് ആരുമുണ്ടായിരുന്നില്ല. അവൾ അക്ഷമയായിരുന്നു. അവളുടെ ജീവിതം സന്തോഷവും ദു:ഖവും കൊണ്ട് അലയടിച്ചു.

ഒരു ദിവസം അവൾ ഒരു വനത്തിലൂടെ പാറി പ്പറന്നു കളിക്കുകയായിരുന്നു. പെട്ടെന്ന് ഒരു സിംഹത്തിന്റെ ഗർജനം കേട്ടു. അവൾ പെട്ടെന്ന് ഞെട്ടിവിറച്ചു. അവൾ നാല് ഭാഗത്തേക്കും കണ്ണോടിച്ചു.
പെട്ടന്ന് അവൾ തൊട്ടുപിറകിലുള്ള വിശന്നു ദാഹിച്ച ഒരു വലിയ സിംഹത്തെ കണ്ടു.
അവൾ ആ സിംഹത്തെ കണ്ട് ഭയന്ന് പിറകിലോട്ട് നടന്നു. സിംഹം അടിവെച്ചടിവെച്ച് മുന്നോട്ട് നീങ്ങി.
അവൾ എന്ത് ചെയ്യണമെന്നറിയാതെ

*പൊട്ടിക്കരഞ്ഞു.*

*സിംഹം അവളെ മരണത്തിലേക്ക് ചെന്ന ചാടിച്ചു.*

*അങ്ങനെ അവൾ ദൈവത്തിന്റെ ലോകത്ത് മാലാഖമാരുടെ റാണിയായി സന്തോഷത്തോടെ ജീവിച്ചു.*

*[ദിയാന]*

# അമ്മ വിളികുന്നു

അമ്മ വിളികുന്നു പോരുവിൻ മക്കളേ.....

അമ്മയോടൊപ്പ നടകുവിൻ മക്കളേ.....

തമ്മിലിടയുന്നിന്നെയും തന്നോടടുപ്പിചു

അമ്മകണ്ണടചുവും അമ്മ കിതചും നടക്കുന്നു

താനെ തളർ മറന്ന് അമ്മ നടക്കുന്നു

തിങ്കളിൽ പൊട്ടുന്ന പൊന്നമ്മ മക്കളൊറ്റ ചികിൽ

നിനവിൻ സനേഹപിഷടീതയായി അമ്മ

നിൻക്കുന്നു മത്സരം നേരിയൊഴുക്കിന്റെ കൊക്കും

വിറക്കു മായൊന്നെരു കുട്ടിലെരുപക്ഷി

ചിറകടിച്ചെത്തിന്നു ഞനാന്നു രക്ഷകൻ

വിട്ടുതരില്ലെൻ മക്കളെ..................

ഉച്ചത്തിങ്ങനെയാക്കുന്നു പാവമാം കൊച്ചുമക്കളെ....

അമ്മമാരൊടടു പിച്ചു തൻ മക്കളെ.................

(ഷംന.എം)

# പൂന്തോട്ടം

പൂക്കൾ നിറഞ്ഞൊരു പൂന്തോട്ടം
കാണാൻ അഴകുള്ള പൂന്തോട്ടം
പൂക്കൾ കൊണ്ടു അലങ്കരിക്കാം
പൂവില കൊച്ചുഇളങ്കാറ്റിൽ ആടുന്ന
കോരകം
പൂക്കളും വണ്ടും പരസ്പരം
ഓടിയും തുള്ളി ചാടിയും
നമ്മളാം കൂട്ടുക്കാരനെ
പൂക്കൾ തോറും പാറിനടക്കും
തുമ്പിയും ചിത്രശലഭങ്ങളും
കാണും നാം ചുറ്റുമീമട്ടിൽ
ഒഷിമാറ്റുന്ന വാത്സല്യം

( യാസിൻ ജാഫർ)

# അരുവിയിലെ കുഞ്ഞ്

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു
ബാലനും യാമിനിയും ജീവിച്ചിരുന്നു.
അവർക്ക്
കുട്ടികളില്ലാതെയായതിനാൽ അവർ
വള്ളരെ അതികം
ദു:ഖിതരായിരുന്നു.യാമിനി എന്നും
ഭഗവാനോട് കേഴുമായിരുന്നു.
അങ്ങനെ ഒരു ദിവസം പ്രാർഥന
കഴിഞ്ഞ് തുണി കഴുകാൻ
പുഴയരികിലേക്ക് പോയി.
തുണിഅലക്കികൊണ്ടിരിക്കേ ഒരുപെട്ടി

ഒഴുകി വരുന്നത് കണ്ട യാമിനി
പെട്ടി എടുത്ത് തുറന്നുനോക്കുമ്പോൾ
അതിൽ ഒരു സുന്ദരിയായ ഒരു
പിഞ്ചുകുഞ്ഞ് അരോ ഉപേക്ഷിച്ച
പോയതാണ് എന്ന് തോന്നും.
യാമിനി ആ കുഞ്ഞിനെ
വാരിയെടുത്ത്
ഭഗവാനോട് നന്ദി പറഞ്ഞ് തി*രികേ*
*മടങ്ങി....*

*(ഷൈജിത .സി)*



# വയനാട്



വയനാട്

വയലുകൾ നിറയും നാടാണ്

എന്നുടെ നാട് വയനാട്

മലകൾ നിറയും നാടാണ്

മഞ്ഞുപെയ്യും നാടാണ്

കാടുകൾ ഉള്ളൊരുനാടാണ്

കാട്ടാനകളുടെ നാടാണ്

കാവുകൾ ഉള്ളൊരു നാടാണ്

കാട്ടാറുകളുടെ നാടാണ്

മാനുകൾ , മയിലുകൾ , മേയും നാട്

പുൽമേടുകളുടെ നാട്

മുളകൾ പാടും നാട്
പൂവുകളുടെ നാട്
അരുവികൾ ഒഴുകും നാട്
കുരുവികൾ പാടും നാട്
കുളിര് പകരും നാട്
തുടിയുണരും നാടാണ്
തുള്ളലുണരും നാടാണ്
പഴങ്കഥയുള്ളൊരു നാടാണ്
പഴശ്ശിയുറങ്ങും നാടാണ്
എന്നുടെ നാട് വയനാട്



(മുബഷിറ ഷെറിൻ)

# നീ അരികിൽ



ആരും കാണാതെ ആരും
അറിയാതെ
നിൻ പുഞ്ചിരിയിലായ് ഞാൻ
അലിയവേ
നിൻ മിഴിയിൽ കാർമുകിൽ
വന്നണഞ്ഞീടും നേരം.
കൺകൾ തുടിക്കരുതേ...
കൺകളിൽ നിന്ന്
ജലധാരയൊഴുകരുതെ...
നിൻ ചുണ്ടിൽവിരിയുമാ പുഞ്ചിരിയിൽ
ഞാനലിയവേ
നിൻ മുഖം മനസ്സിലലിയുന്നനേരം


അന്പുമായി വരുന്ന വില്ലേ നീ
എൻ നെഞ്ച് കുത്തിയടർത്തി
ഹൃദയത്തിൻ തുടിപ്പായി തീരുന്നു നീ
ഓർക്കുന്നില്ലേ പണ്ടു നാം നടന്നതും
കളിച്ചതും കൈകോർത്തു നടന്നതും
ഓർക്കുന്നില്ലേ നീ ഓർക്കണം

(ഷൈജിത .സി)

# കരകയറൽ മത്സരം പടയപ്പ വരാലിന് ഒന്നാം സ്ഥാനം

വെള്ളത്തിൽനിന്ന് കരയിലേക്ക് ചാടാൻ കഴിവുള്ള മീനുകളെ കണ്ടെത്താനായി നടന്ന കരകയറൽ മത്സരം ആവേശമായി. ഏറ്റവും കുടുതൽ നേരം കരയിൽ കഴിഞ്ഞ പടയപ്പ വരാൽ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. പടയപ്പയ്ക്കുള്ള സമ്മാനം മരണാനന്തരബഹുമതിയായി നൽകും. മത്സരത്തിനായി കരയിലേക്ക് ചാടിയ പടയപ്പയെ ആരോ പിടിച്ചു കൊണ്ടുപോയി പൊരിച്ചു തിന്നതായാണ് വിവരം.

(സ്നേഹ കൃഷ്ണേന്ദു)



# ലോട്ടറിയടിച്ച് പരിക്കേറ്റ

**ലോട്ടറിയടിക്കാത്ത ദേഷ്യത്തിന്,
ലോട്ടറിവില്പനക്കാരനായ പോത്തി
നോട് തട്ടിക്കയറിയ പോത്ത് ലോട്ടറി
നിരത്തിവച്ചിരുന്ന പലകയെടുത്ത്
കഴുതയുടെ തലയ്ക്ക് അടിക്കുകയായിരുന്നു.
തലയ്ക്ക് ലോട്ടറിയടിച്ച കഴുതയെ മൃഗാ
ശുപത്രിയിലാക്കി. പ്രതി രോഷൻ
പോത്ത് ഒളിവിലാണ്.**

(സ്നേഹ, കൃഷ്ണേന്ദു)

# ഉയർത്തെഴുന്നേറ്റ യേശുദേവൻ

*ഒരിക്കൽ യേശുദേവനെ കുറേ പടയാളികൾ പിടിച്ചുകൊണ്ടുപോയി. അവർ അദ്ദേഹത്തെ ഒരു കുരിശിൽ തറച്ച് വധിച്ചു. വിവരമറിഞ്ഞ എല്ലാവരും വലിയ വിശമത്തിലായി. മൂന്നാം ദിവസം രാവിലെ ആ നാട്ടുകാരിയായ മഗ്ധലേന മറിയം യേശുവിനെ അടക്കിയ ഗുഹയിലേക്ക് നടന്നു. കല്ലറയിൽ പൂക്കൾ വച്ച് പ്രാർത്ഥിക്കണം അവൾ കരുതി. പൂക്കുടയുമായി      അവൾ കല്ലറയുടെ അരികിലെത്തി. നേരം വെളുക്കുന്നതേ ഉള്ളൂ. പടയാളികളെ അവിടെയെങ്ങും കാണാനില്ലായിരുന്നു. പെട്ടെന്നാണ് മറിയം ആ കാഴ്ചകണ്ടത്. ഗുഹയുടെ വാതിൽ തുറന്നിരിക്കുന്നു. ഗുഹഅടച്ചിരുന്ന വലിയ കല്ല് ദൂരേമാറിക്കിടക്കുന്നു. അവൾ പതുക്കെ കല്ലറയ്ക്കു ള്ളിലേക്ക് നോക്കി. ഇല്ല യേശുവിന്റെ ശരീരം അവിടെ കാണാനില്ല. അദ്ദേഹത്തിന്റെ ശരീരം പുതപ്പിച്ചിരുന്ന തുണിയും തലയിൽ കെട്ടിയിരുന്ന*

തുവാലയും അതാ ദൂരെ മാറി
കിടക്കുന്നു. യേശുവിനെ കാണാതെ തളർന്ന്
അവശയായ മറിയം വിങ്ങിക്കരഞ്ഞുകൊണ്ട്
താഴേക്കിരുന്നു. പെട്ടെന്നൊരു ശബ്ദം.
ഗുഹയിലെങ്ങും കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം
നിറഞ്ഞു. മറിയം തല ഉയർത്തി നോക്കി. അതാ
രണ്ട് മാലാഖമാർ. കല്ലറയുടെ അരികിലിരിക്കുന്ന
മറിയമേ നീ കരയേണ്ട.....
നിന്റെ യേശുവിനെ ആരും കൊണ്ടു പോയിട്ടില്ല.
അവൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു.
മാലാഖമാർ പറഞ്ഞു. മറിയത്തിന് ആ
വാക്കുകൾ വിശ്വസിക്കാനായില്ല. കേട്ടത്
സത്യമാണോ യെശുദേവൻ ഉയർത്തെഴുന്നേറ്റെ
ന്നോ... മറിയം പുറത്തേക്ക് കുതിച്ചു. ഈ
വാർത്ത യേശുവിന്റെ ശിഷ്യന്മാരെ അറിക്കണം.
പാവം ശിഷ്യന്മാർ അവർ വലിയ
സങ്കടത്തിലാണ്. തിരിച്ചോടിയ മറിയം
പെട്ടന്നൊരു കാഴ്ചകണ്ടു. അവിടെ അതാ ഒരു
മനുഷ്യരൂപം. ആ രൂപം അവളെ അടുത്തേക്ക്

വന്ന് വിളിച്ചു. മടിച്ച മടിച്ച് അടുത്തേക്ക് ചെന്ന അവൾ മുഖത്തേക്ക് നോക്കി. അത് മറ്റാരുമായിരുന്നില്ല. ഉയർത്തെഴുന്നേറ്റ യേശുദേവനായിരുന്നു. യേശു അവളെ നോക്കി പുഞ്ചിരിച്ചു. സന്തോഷം കൊണ്ട് പൊട്ടിക്കരഞ്ഞ മറിയം കയ്യിൽ ബാക്കിയുണ്ടായിരുന്ന റോസാപ്പൂക്കൾ യേശുദേവന്റെ കാൽക്കൽ അർപ്പിച്ചു.

യേശു പറഞ്ഞു. മറിയമേ നീ എന്തിനാണ് കരുന്നത്. ഞാൻ ഉയർത്തെഴുന്നേറ്റില്ലേ. മറിയം ശിഷ്യന്മാരുടെ അടുത്തു ചെന്ന് വിവരം പറഞ്ഞു. പടയാളികൾ കുരിശിലേറ്റിയ മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റ വിവരം ലോകം മുഴുവനുമറിഞ്ഞു. ആളുകൾ യേശുദേവനെ വണങ്ങി.

(വൈഷ്ണ)



കഥ

## സ്നേഹത്തിന്റെ കൂട്ട്കെട്ട്

*ഒരു കാട്ടിൽ അണ്ണാനും കിളികളും സൂര്യനും മേഘവുംഉണ്ടായിരുന്നു. അവർ വലിയ കൂട്ടുകാരായിരുന്നു.*

*ഒരു ദിവസം കനത്ത വെയിൽ വന്ന് കിണറുകളും തോടുകളും വറ്റിപ്പോയി. അവർ കുറേ ദിവസം വെള്ളം കിട്ടാതെ അലഞ്ഞു. അവരുടെ സൂര്യൻ അവരോട് ഇങ്ങനെ ചെയ്യുമെന്ന് കരുതിയില്ല. ഒരു ദിവസം പെട്ടന്ന് ഒരു മഴപെയ്തു. അവർക്ക് സന്തോഷമായി . പുഴകളും കിണറുകളും കവിഞ്ഞൊഴുകി. അവരുടെ ദാഹജലം തിരിച്ചുകിട്ടി. അവരുടെ സൂര്യൻ തിരിച്ചുവന്നു. എന്നിട്ട് അവരോട് മാപ്പ്പറഞ്ഞു. പക്ഷേ, അണ്ണാനും കിളികൾക്കും മേഘത്തിനും സൂര്യനോട് ക്ഷമിക്കാൻ കഴിഞ്ഞിരുന്നില്ല. സൂര്യൻ ഒരു പാട് വട്ടം മാപ്പു പറഞ്ഞു. സൂര്യനോട് ക്ഷമിക്കാൻ തയറായി.*

പിന്നിട് അവർ കൂട്ടുക്കാരായി . ഒരിക്കലും പിരിയാത്ത കൂട്ടുക്കാർ. അവർ ദൈവത്തിനോട് പ്രാർത്ഥിച്ചു. ഇനി ഒരു വേനൽ കാലത്തും ഇതു പോലെ സംഭവിക്കരുത് എന്നായിരുന്നു അവരുടെ പ്രാർത്ഥന.

( അഞ്ജലി. എസ് )…….

# <u>പുതിയൊരു പുലരി</u>

***പുതിയൊരു പുലരിയുണർന്നു മനസ്സിൽ***  
***ഒരു നവ സൂര്യനുദിച്ചു വാനിൽ***  
***ചെറുപുഴ ഒഴുകി ഹൃദയത്തിൽ നിറയെ***  
***നന്മകൾ പൂക്കൾ വിരിഞ്ഞു ഭൂവിൽ***  
***സ്നേഹം സത്യം സമാധാനമായി***  
***പറവകൾ വാനിലുയർന്നു പൊങ്ങി.***  
***പരിപാവനയാം ഭൂമിതൻ സ്നേഹം***  
***ഹരിത പ്രഭാതം വിടർന്നു.***  
***കരുണ നിറഞ്ഞൊരു മനസ്സാൽ വിടരാം***  
***പുതിയൊരു ലോകം മെനെഞ്ഞെടുക്കാം.***  
***ആകാശ തുല്യമാം വിദ്യയാൽ നിറയാം***  
***വിജയത്തിൻ തേരിൽ പറന്നുയരാം.....***

(മായ)

# നഷ്ട്പ്പെട്ടുപോയ സ്നേഹം നാഷം എന്ന് തോന്നിയ കൂട്ടുകെട്ട്

ഒരിടത്ത് ഒരു ഗ്രാമത്തിൽ വളരെയേറെ സന്തോത്തോടെ ജീവിക്കുന്ന ഭാര്യയും ഭർത്താവും ഉണ്ടായിരുന്നു. പക്ഷേ അവരുടെ സന്തോഷത്തിനിടയിൽ അവർക്ക് ഇരുവർക്കും മനസ്സിനുള്ളിൽ ഒരു ദുഃഖം ഉണ്ടായിരുന്നു. എന്താണെന്ന് അറിയണ്ടേ. അവർക്ക് രണ്ടു പേർക്കും കുഞ്ഞുങ്ങളില്ലായിരുന്നു. ഇവരുടെ പേര് ലിസിയും ജോസും ആണ്. ഒരു ദിവസം ലിസിക്ക് ഒരു അസ്വസ്ഥത തോന്നി. ജോസ് ഉടനെ തന്നെ ലിസിയെ എടുത്ത് ആശുപത്രിയിലേക്ക് കൊണ്ടുപോയി. അപ്പോൾ ഡോക്ടർ വന്ന് പറഞ്ഞു. നിങ്ങൾക്ക് ഒരു കുഞ്ഞ് ജനിക്കാൻ പോവുന്നു. വാർത്ത അറിഞ്ഞ ലിസിയും ജോസും ഉടനെ തന്നെ ദൈവത്തിനു മുന്നിൽ കൈകൂപ്പി.

അങ്ങനെ ലിസിയും ഒരു ആൺ കുഞ്ഞിന് ജന്മം നൽകി. അവർ ഇരുവരും കുഞ്ഞിന് ലിജോ എന്ന് പേര് നൽകി. ലിജോയെ ഓമനിച്ച് വളർത്തി വലുത്താകി.ലിജോ സത്യസന്ദതയോടു കൂടി വളർന്നു.+2 യിൽ എത്തി.ഒരു ദിവസം ലിജോ സ്കൂളിൽ പോകുന്ന വഴിയിൽ ഒരു കുട്ടി അവന്റെ കൈയിൽ ലഹരി മരുന്ന് കൊടുക്കുകയുണ്ടായി. അവൻ അത് വാങ്ങിയില്ല. ആ കുട്ടി അവന് മൂന്ന് തവണ കൊടുത്തു.അപ്പോൾ അവന് അതൊന്ന് രുചിച്ച് നോക്കാൻ ആഗ്രഹം തോന്നി. അവൻ അത് നാല് തവണ വാങ്ങി രിചിച്ചു.അങ്ങനെ അവന് അത് ശീലമായി. അവൻ ലഹരിക്ക് മുന്നിൽ അടിമയായി തീർന്നു.അവന്റെ ശരീര ത്തിൽ ലഹരി അതികമായി. ലിജോക്ക് രോഗം പിടിപെട്ടു.അവൻ മരണപ്പെടുകയായി. അവന്റെ അമ്മ കരയുന്നത് അവൻ സ്വർഗ്ഗത്തി ൽ നിന്നും കാണുന്നുണ്ടെന്ന് അവന്റെ അമ്മക്ക് തോന്നി. അവന്റെ അച്ഛന് അവന്റെ കൂട്ടുകെട്ടാ

***ണ് നാശം എന്ന് തോന്നി. അങ്ങനെ അവരു ടെ ജീവിതത്തിൽ ലിജോയുടെ കൂട്ടുകെട്ട് ഒരു കരടായി മാറി......***

(മായ)

# സുന്ദര സ്വപ്നങ്ങൾ

പറയാൻ മറന്നൊരാ വാക്കുകളെ
ഞാൻ തനിച്ചിരിക്കുമ്പോൾ
സുന്ദര സ്വപ്ന്ങ്ങളായ് വന്നു നിറയുന്നു
എന്നിൽ.........
കണ്ണടച്ചാൽ കാണുന്നതാ മുഖം
കാതിലൊഴുകി എത്തുന്ന ആ സ്വരം
കാലം ഓടി അകലുന്ന നാളുകൾ
നിന്റെ മനസ്സിലെ ഓർമകളിൽ നിന്നും
പതിയെ ഞാനും എന്റെ ഓർമകളും
പടിയിറങ്ങേണ്ടി വരം.....
എങ്കിലും എൻ പ്രിയേ
കാലത്തിന് മായ്ക്കുകളയാൻ പറ്റാത്ത
മുഖം. മനസ്സിന്റെ ഏതെങ്കിലും ഒരു
കോണിൽ എന്റെ പേര് കുറിച്ചിടുമോ
മറക്കാതിരിക്കാൻ......

(മായ)

# പ്രണയാഗ്നി

ഹൃദയ
വനികയിലെ
ഏകാന്ത താഴ്‌വരയിൽ
നിന്നെയും ഓർത്തുകൊണ്ടിരിക്കവെ
എന്നെ പിരിഞ്ഞെങ്ങു പോയ്
നീ.................സഖീ.....................
കനലായിരുന്നു നീ
എന്റെ ഹൃദയത്തിൽ കിടന്നു
നീറി പുകഞ്ഞ കനൽക്കട്ട.
നീ എന്നെ തനിച്ചാക്കി പോയ
കാലം ഞാൻ വെറും
ചാരമായി വെറും ചാരം!
നിൻ പുഞ്ചിരിയിൽ പെട്ടു പോയി
ഞാൻ അറിഞ്ഞില്ല.
തീ എന്തിനെയും ദഹിപ്പിക്കു മെന്ന്.
എന്നാൽ ഇന്ന് ഞാൻ അറിയുന്നു.
പ്രണയം അതൊരു തീ മാത്രമാണ്.
തുടക്കത്തിൽ ആകർഷണവും
അവസാനം ഭയവും തോന്നിക്കുന്ന

***ഹൃദയത്തെ ദഹിപ്പിക്കുന്ന തീ മാത്രം***
***എന്നാൽ ആ തീയോട് ആകർഷ***
***ണവും ഭയവും തോന്നാതെ ഈ***
***ജീവിതാസ്വാദനവും സാധ്യമല്ലെന്നും***

***ഞാൻ അറിയുന്നു.......***

(മായ).....

# കൗമാരം

ദു: ഖത്തിൻ മുള്ളുകൾ തളിരിട്ടും നേരവും
വിരൽത്തുമ്പു നീട്ടുന്ന കൗമാരം
സ്നേഹത്തിൻ വേരുകൾ കൈതൊട്ടു തഴുകിയ
ഓർമതൻ തീരം എൻ കൗമാരം
കരിനീല മിഴികളിൽ കണ്ണുനീരുദിരുമ്പോൾ
തലോടി വിളിക്കുന്ന കൗമാരം.

ഇനിയുമാ സ്വപ്നത്തിൻ തീരത്തു
ചെല്ലുവാൻ കൊതിയോടെ ഞാനും
കാത്തിരിക്കേ ഒരു നല്ലു തേൻ
കുടം നിറയ്ക്കുവാൻ സൗഹൃദ മുറ്റത്തു
ഞാനിന്നു ചേർന്നിരിക്കേ......


ചുണ്ടിൽ പുഞ്ചിരി വിടരുന്ന കാലത്ത്
കുളിരുന്ന നോവിന്റെ തീരത്ത്
പൂവിൽ മധുനിറയുന്ന  നേരത്ത്
ശലഭമായി പറന്നൊരു ലോകത്ത്

എൻ അഗ്നിചിറക്കുകൾ വിരിച്ചു ഞാൻ
പറന്നുയർന്ന സ്വപ്നമെൻ ചാരെ
എത്തിത്തുടങ്ങി അന്ന് ഞാൻ  കേട്ട

കൗതുക കഥയിലെ ആ നക്ഷ
ത്രത്തിലേക്ക് ഇനി കുറച്ചു മാത്രം......
ജീവിത സാഫല്യത്തിന്റെ ഈ നാളുകൾ
പയ്യെ തുറക്കുകയായ് എൻ ഹൃദയ
നാളുകൾ ഒരു ചെറു പുഞ്ചിരിയോടെ പടി
ഇറങ്ങുകയാണ് എന്റെ കൗമാരം.
ഇനിയുമൊരു കാലമെത്തിയെങ്കിൽ
കൊഴിഞ്ഞു പോയ ഇതളുകൾ
തുന്നിചേർക്കാൻ കൗമാര ഇതളുകൾക്ക്

(മായ)








# അമ്മ

പണ്ട് പണ്ട്


ഒരു അമ്മയുണ്ടായിരുന്നു. ആ അമ്മയ്ക്ക് ഒരു മകൻ ഉണ്ടായിരുന്നു. ആ അമ്മയ്ക്ക് നല്ല സ്വഭാമായിരുന്നു. ആ അമ്മയ്ക്ക് കുട്ടികളെ ഉപദ്രവിക്കുന്നത് ഇഷ്ടമല്ലായിരുന്നു. എനിക്ക് നോവ് പറ്റിയാൽ എന്റെ അമ്മ എന്നരികിലേക്ക് ഓടിയെത്തും. ഒരിക്കൽ അമ്മ ഒരു ഗ്രാമത്തിൽ ഉണ്ടായിരുന്നു. അവിടെ ദാരാളം കുട്ടികൾ ഉണ്ടായിരുന്നു. അതിൽ ഒരു കുട്ടിമാത്രം അമ്മയേ തന്നെ നോക്കുന്നുണ്ടായിരുന്നു. ആ കുട്ടിക്ക് വസ്ത്രം ഒന്നുംഇല്ലായിരുന്നു. ആ അമ്മയ്ക്ക് ദയവ് തോന്നി. അപ്പോൾ ഉടനെ തന്നെ അമ്മയുടെ മോനെ വിളിച്ചു. അപ്പോൾ ആ കുട്ടിക്ക് വസ്ത്രം വാങ്ങികൊടുത്തു. അമ്മക്ക് ആ കുട്ടിയെ വേണം എന്ന് ഒരു ആഗ്രഹം പറഞ്ഞു. അവരെ നോക്കുന്ന ഒരു അമ്മ ആ കുട്ടിയെ കൊടുത്തു. ആ അമ്മയ്ക്ക് സന്തോഷമായി....

(ഷാഹിന. ആർ)....

# എന്റെ വിദ്യാലയ മുറ്റം



ഒരിക്കൽ ഒരു സ്ഥലത്ത് ഒരു സ്കൂൾ ഉണ്ടായിരുന്നു. ആ സ്കൂളിൽ വളരെ വൃക്തിയായ ഒരു കുട്ടിയുണ്ടായിരുന്നു. അവൻ അധ്യാപകരോ മാതാപിതാക്കളോ എന്തെങ്കിലും പറഞ്ഞാൽ അനുസ്സരിക്കില്ല. ആ സ്കൂളിൽ തന്നെ മറ്റൊരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടിക്ക് അനുസ്സരണയുണ്ടായിരുന്നു. ആ കുട്ടി നല്ലം പഠിക്കുകയും ചെയ്തിരുന്നു. അനുസ്സരിക്കാത്ത കുട്ടിയുടെ പേര് പിങ്കു എന്നും അനുസ്സരിക്കുന്ന കുട്ടിയുടെ പേര് ചിന്നു എന്നും ആയിരുന്നു. എല്ലാ പരീക്ഷപ്പേപ്പറിലും ചിന്നുവിന് കൂടുതൽ മാർക്ക്ഉണ്ടാവും. പിങ്കുവിന് ചിന്നുവിനേ



കണ്ട് അസൂയതോന്നി. അവർക്ക് എല്ലാത്തിനും അവൾ കൂടുതൽ മാർക്ക് വാങ്ങും.എനിക്ക് വാങ്ങണം കൂടുതൽ മാർക്ക്. അവൾ ഒരു ദിവസം ഓണപ്പരീക്ഷക്ക് അവൾ ചിന്നുവിന്റേത് കോപ്പിയടിച്ചു. ഇത് ചിന്നു കണ്ടു. ചിന്നു ഈകാര്യം ടീച്ചറോട് പറഞ്ഞു. ടീച്ചർ പിങ്കിയ്ക്ക് കിട്ടിയമാർക്ക് ഇടാതെ പൂജ്യം മാർക്ക് ഇട്ടു. ഇങ്ങനെ

അവർ രണ്ടുപേരും വളർന്നു. ചിന്നു വളർന്നു വലിയ നിലയിലെത്തി. എന്നാൽ പിങ്കു പത്താം ക്ലാസിൽ തോറ്റു. ചിന്നു വലിയ ടോക്ടർ ആയി മാറി. അവൾ തനിക്ക് അറിവ് പകർന്ന് തന്ന വിദ്യാലയത്തിലേക്ക് വന്നു. നോക്കിയപ്പോൾ അവളുടെ കവിളിൽ കണ്ണുനീർ ഒലിച്ചു. എത്ര മനോഹരമായ വിദ്യാലയമായിരുന്നു. എന്റെ വിദ്യാലയമുറ്റം. ഇപ്പോൾ എന്താണീ കാണുന്നത്. രണ്ടു മൂന്നു കുട്ടികളും ഒന്നോ രണ്ടോ ടീച്ചർ മാരും. ഞാനീ സ്കൂളിനെ മാറ്റിമറിക്കും. എന്റെ കൂടെ പടിച്ച പിങ്കിയേയും വിളിച്ചു നോക്കാം. പിങ്കുവിനെ വിളിച്ചപ്പോൾ അവൾ പറഞ്ഞു. ആ സ്കൂൾ മാറ്റിയെടുക്കാൻ ദൈവത്തിനു പോലും കഴിയില്ല. അവൾ തന്റെ പണം വീണ്ടും അത് പഴയപോലെ നല്ല ഒരു സ്കൂളാക്കാൻ നോക്കി. വളരെ നല്ലൊരു സ്കൂളാക്കാൻ  നോക്കി. വളരെ നല്ലൊരു സ്കൂളായി മാറി എന്നാലും പണിയൊന്നും കഴിഞ്ഞിട്ടില്ല. അപ്പോഴേക്കും അവളേ നാട്ടുകാർ ആധരിച്ചു. അവിടെ നിന്ന് അവൾ പറഞ്ഞു. സ്കൂൾ വൃത്തിയാക്കാൻ ശ്രമിച്ചത് നമുക്ക് അറിവ് തരുന്ന ഗുരുക്കൻ മാരാണവിടേയുള്ളത്. നമ്മുടെകൂട്ടുകാരാണ് അവിടെയുള്ളത്. നമ്മുടെ വിദ്യാലയം വൃത്തിയാക്കേണ്ടത് നമ്മുടെ കടമയാണ്. ഇത് കേട്ട് പിങ്കിയും നാട്ടുകാരും കൂടി ആ സ്കൂളിന്റെ പണി

പൂർത്തിയാക്കി. വളരെ ഉയർന്ന നിലയിൽ ആ സ്കൂൾ

എത്തി.

(ആര്യ)